


# തല മറയ്ക്കാനുള്ള പോരാട്ടം

സിതാര ജബ്ബാർ

മതേതര രാഷ്ട്രത്തിന് അപമാനവും ഭരണഘടനാവിരുദ്ധവും വ്യക്തിസ്വാതന്ത്ര്യം ഹനിക്കുന്നതുമായ നിയമങ്ങൾ കേരളത്തിലെ പലസ്കൂളുകളും വിദ്യാർത്ഥികൾക്കുമേൽ അടിച്ചേൽപ്പിക്കുന്നുണ്ട്. സമത്വത്തിന്റെയും ഐക്യബോധത്തിന്റെയും പേരിൽ നിലനിൽക്കുന്ന ഈ അലിഖിത നിയമങ്ങൾ മതസൗഹാർദ്ദത്തെ കളങ്കപ്പെടുത്തുകയാണ് ചെയ്യുന്നത്.

ആലപ്പുഴ ജില്ലയിലെ ഗുരുപുരം ബിലീവേഴ്സ് ചർച്ച് ഇംഗ്ലീഷ് മീഡിയം സ്കൂളിൽനിന്ന് നബാല എന്ന ഒൻപതാംക്ലാസ് വിദ്യാർത്ഥിനിയെ പുറത്താക്കിയത് ശിരോവസ്ത്രം ധരിച്ചു എന്ന കുറ്റത്തിനാണ്. സ്വന്തം അസ്തിത്വം ആരുടെ മുന്നിലും അടിയറ വെക്കാൻ തയ്യാറാവാതിരുന്ന നബാലയുടെ ധീരത വിദ്യാർത്ഥി സമൂഹത്തിന് മുഴുവൻ മാതൃകയായിരിക്കുന്നു. സ്കൂളിലെ കരിനിയമത്തെയെതിർക്കാൻ അവൾ കാണിച്ച ആർജ്ജവം അഭിനന്ദനം അർഹിക്കുന്നു.

ബഹുഭൂരിപക്ഷം വിദ്യാലയ ങ്ങളിലും മുസ്‌ലിം വിദ്യാർത്ഥിനികൾ അവരുടെ യൂണിഫോമിനോടൊപ്പം മഫ്ത ധരിക്കുന്നുണ്ട്. അവിടെ വിദ്യാർത്ഥിനികൾക്കിടയിൽ അകൽച്ചയില്ല, മതങ്ങൾ പരസ്പരം ബഹുമാനിക്കാനാണ് പഠിപ്പിക്കുന്നത്. എന്നാൽ ശിരോവസ്ത്രനിരോധം നിലനിൽക്കുന്ന സ്കൂളുകൾ അതുവഴി മതത്തോടുള്ള അസഹിഷ്ണുത വളർത്തുകയാണ് ചെയ്യുന്നത്. ഇത്തരം സ്കൂളുകൾക്കെതിരെ മൗലികാവകാശ ലംഘനത്തിന് നടപടിയെടുക്കണം.

കർത്താവിന്റെ മണവാട്ടിമാർ ശിരോവസ്ത്രം ധരിച്ച് അധ്യാപനം നടത്തുന്ന പല വിദ്യാലയങ്ങളിലും മുസ്‌ലിം സ്ത്രീകളുടെ വ്യക്തിത്വത്തെ പ്രതിഫലിപ്പിക്കുന്ന വേഷവിധാനം നിരോധിക്കുന്നത് വിരോധാഭാസമാണ്. വ്യക്തിത്വത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ഭാഗമായി ഹിജാബിനെ മനസ്സിലാക്കാത്ത മാതാപിതാക്കൾ പൊങ്ങച്ചത്തിന്റെ ഭാഗമായി കെട്ടിച്ചമച്ച ഡിസിപ്ലിനുകൾക്ക് മുന്നിൽ മൗനികളാവുന്നു. അവിടെയാണ് നബാലയും മാതാപിതാക്കളും സമുദായത്തിനു മാതൃകയാവുന്നത്.

തുർക്കിയിലും ഫ്രാൻസിലും ബെൽജിയത്തിലും വ്യാപകമായ ഹിജാബ് വിരോധം മതനിരപേക്ഷ രാജ്യമായ ഇന്ത്യയിലേക്കും പടർന്നത് ഇസ്‌ലാമിക ചിഹ്നങ്ങളോടുള്ള അസഹിഷ്ണുതകൊണ്ടും ഭയം കൊണ്ടും തന്നെയാണ്. ഇന്ന് വിവിധ മേഖലകളിൽ മുസ്‌ലിം സ്ത്രീകൾ ആർജ്ജിച്ച ആത്മവിശ്വാസം തകർക്കാ



നുള്ള ശ്രമം. ഡെൻമാർക്കിലെ അസ്മ അബ്ദുൽ ഹമീദ് എന്ന രാഷ്ട്രീയ പ്രവർത്തക പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെടാതിരുന്നത് ഹിജാബ് ധരിച്ചു എന്ന ഒറ്റ കാരണത്താലാണ്. ചരിത്രത്തിൽ മുസ്‌ലിം സ്ത്രീകളുടെ മാത്രം വസ്ത്രമല്ല പർദ്ദ. ശിരോവസ്ത്രത്തെ കുറിച്ചുള്ള പരാമർശങ്ങൾ ഇതര വേദങ്ങളിലും കാണാം.

സ്ത്രീ മുന്നേറ്റ ചർച്ചകൾ വ്യാപകമായിരിക്കുന്ന നവീനയുഗത്തിലും ശരീരപ്രധാനമായ അളവുകോലുകൾ മാത്രമുപയോഗിച്ചാണ് സ്ത്രീയെ അളക്കുന്നത്. ശരീരകേന്ദ്രീകൃതമായ ഒരു പൊതുബോധത്തിനപ്പുറം സ്ത്രീയുടെ വ്യക്തിത്വത്തെയും അസ്തിത്വത്തെയും ഉയർത്തുകയാണ് ഹിജാബിന്റെ ധർമം. സ്ത്രീകൾക്ക് പൊതുസമൂഹത്തിൽ പ്രവർത്തിക്കാനുള്ള ചലനസ്വാതന്ത്ര്യവും ആത്മവിശ്വാസവും വർധിക്കുന്നു. പുരുഷന്റെ കാമക്കണ്ണുകളാൽ ഡിസൈൻ ചെയ്ത വസ്ത്രമണിഞ്ഞ് വെറുമൊരു പ്രദർശന വസ്തുവാകാൻ താൻ തയ്യാറല്ലെന്ന് ഓരോ ഹിജാബ് ധാരിയും ഉറക്കെ പ്രഖ്യാപിക്കുന്നു. സ്ത്രീയുടെ സുരക്ഷക്ക് വേണ്ടി ദൈവം തന്നെ രൂപകൽപന ചെയ്തുതന്ന വസ്ത്രധാരണമാണ് ഇസ്‌ലാമിന്റേത്. ഈയൊരു തിരിച്ചറിവിൽ നിന്നാണ് ഹിജാബിന് വേണ്ടിയുള്ള പോരാട്ടം തുടങ്ങുന്നത്. അതേ തിരിച്ചറിവാണ് നബാലക്ക് പ്രതികരിക്കാനുള്ള ഊർജ്ജം നൽകിയത്. ശിരോവസ്ത്രം ധരിക്കാതെ പഠിക്കാൻ തയ്യാറല്ലെന്ന് തീരുമാനിച്ച നബാലയ്ക്ക് വീട്ടുകാർ പൂർണ പിന്തുണ നൽകി. കുട്ടിയുടെ ഭാവിവെച്ചാണ് കളിക്കുന്നതെന്ന് പറഞ്ഞ പ്രിൻസിപ്പലിനോട് 'ഭാവി തീരുമാനിക്കുന്നത് സ്രഷ്ടാവായ ദൈവമാണ്' എന്ന് പറയിച്ചതും അവരുടെ ദൈവിക ബോധമാണ്.

യു.കെ.ജി മുതൽ മഫ്ത ധരിച്ചാണ് നബാല സ്കൂളിൽ പോയത്. പുതിയ പ്രിൻസിപ്പൽ വന്നതിന് ശേഷമാണ് നിരോധനം ഏർപ്പെടുത്തിയത്. കാരണം സൂചിപ്പിക്കാതെ ടി.സി എഴുതി നൽകിയപ്പോൾ യഥാർത്ഥ കാരണം വ്യക്തമാകാതെ ടി.സി വേണ്ടെന്ന് പറഞ്ഞ ഉമ്മ തസ്നിയുടെ ആർജ്ജവം ഓരോ മാതാവിനും മാതൃകയാണ്. ടി.സിയിൽ എഴുതപ്പെട്ട maftha is not allowed in school എന്ന ഭരണഘടനാവിരുദ്ധമായ വാക്കുകളാണ് പ്രിൻസിപ്പലിനെ പ്രതിക്കൂട്ടിൽ നിർത്തിയത്. മഫ്ത ധരിക്കുന്നതിന്റെ പേരിൽ മത്സരവേദികളിൽ നിന്നു പോലും നബാലയെ അകറ്റി നിർത്തിയിട്ടുണ്ട്.

ദൈവിക ജീവിതവ്യവസ്ഥയെ കൈവിട്ടതാണ് ഇന്നത്തെ സമൂഹത്തിന്റെ പ്രശ്നങ്ങളുടെ കാരണമെന്നും ദൈവിക നിയമങ്ങളെ മുറുകെപ്പിടിച്ചു മുന്നോട്ട് പോയാൽ മാത്രമേ ജീവിതലക്ഷ്യം പൂർണമാകൂ എന്നുമാണ് നബാലയ്ക്ക് പുതിയ തലമുറയോട് പറയാനുള്ളത്. പ്രശ്നത്തിൽ വിവിധ രാഷ്ട്രീയ സാംസ്കാരിക മതസംഘടനകളുടെ ഇടപെടലും സഹകരണവുമുണ്ടായിരുന്നു. പ്രതികരണശേഷി നഷ്ടപ്പെട്ട വിദ്യാർത്ഥി സമൂഹത്തിന് മുഴുവൻ മാതൃകയായ നബാല പഠിച്ച് ഐ.എ.എസ് പദവിയിലേക്കുയർന്ന് ഭാവിയിൽ താനിരിക്കുന്ന കസേരയിൽ ഇരിക്കണമെന്ന് പറഞ്ഞ ജില്ലാ കലക്ടർ വേണുഗോപാലിന്റെ വാക്കുകൾ നബാല ഹൃദയത്തിൽ കുറിച്ചിട്ടിട്ടുണ്ട്.

ഭൗതികമായ സുഖങ്ങൾക്ക് പകരം നന്മയ്ക്ക് വേണ്ടി പോരാടുന്ന മക്കൾക്ക് വേണ്ടിയുള്ള പ്രാർത്ഥനയുടെ ഉത്തരമാണ് തന്റെ മകളെന്ന് പിതാവ് നസീർ മുസ്‌ലിയാർ അഭിമാനത്തോടെ പറയുന്നു. കേരളത്തിലെ മറ്റു ചില സ്കൂളുകളിലും നിലനിൽക്കുന്ന മഫ്ത നിരോധന നിയമത്തെ പുറത്ത് കൊണ്ടുവരുവാനും നടപടികൾ സ്വീകരിക്കാനും കാരണക്കാരിയായതിൽ സന്തോഷമുണ്ടെന്നും ഈയൊരു സംഭവം ആത്മവിശ്വാസവും ലക്ഷ്യബോധവും വർധിപ്പിക്കുകയാണ് ചെയ്തതെന്നും നബാല പറയുന്നു.